# കേരള സർക്കാർ

## സംഗ്രഹം

റവന്യൂ വകുപ്പ് - മുഖ്യമന്ത്രിയുടെ ദുരിതാശ്വാസനിധി - കാസർഗോഡ് ജില്ല - ഇലക്ട്രിക് ഷോർട്ട് സർക്യൂട്ട് മുഖേന വീട് കത്തി നശിച്ച ശ്രീ. ബി.എ. അബ്ദുൽ ഖാദർ, ബെദിര ഹൗസ്, ടിപ്പു നഗർ, വിദ്യാനഗർ, കാസർഗോഡ് എന്നവർക്ക് മുഖ്യമന്ത്രിയുടെ ദുരിതാശ്വാസനിധിയിൽ നിന്നും ധനസഹായം അനുവദിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

==========================================================================================

## റവന്യൂ (ഡി.ആർ.എഫ്. - ബി) വകുപ്പ്

**സ.ഉ. (സാധാ) നം.2356/2022/റവ.** **തിരുവനന്തപുരം, തീയതി, 26.05.2022**

==========================================================================================

പരാമർശം:- 1. D.No. D211118088 ഓൺലൈൻ അപേക്ഷ.

2. സ.ഉ. (കൈ) നം. 48/2020/റവ, തീയതി : 08.02.2020

## ഉത്തരവ്

ശ്രീ. ബി.എ. അബ്ദുൽ ഖാദർ, ബെദിര ഹൗസ്, ടിപ്പു നഗർ, വിദ്യാനഗർ, കാസർഗോഡ് എന്നവരുടെ വാസഗൃഹം ഇലക്ട്രിക് ഷോർട്ട് സർക്യൂട്ട് മുഖേന കത്തിനശിച്ചതിന്റെ അടിസ്ഥാനത്തിൽ പരാമർശം (1) പ്രകാരം മുഖ്യമന്ത്രിയുടെ ദുരിതാശ്വസനിധിയിൽ നിന്നും ധനസഹായം ലഭിക്കുന്നതിലേയ്ക്കായി അപേക്ഷ സമർപ്പിക്കുകയുണ്ടായി. തീപിടുത്തത്തിൽ വാസഗൃഹങ്ങൾക്കുണ്ടാകുന്ന നാശനഷ്ടങ്ങൾക്ക് നഷ്ടപരിഹാരം അനുവദിക്കുന്നതിന് നാശനഷ്ടത്തിന്റെ വ്യാപ്തിയനുസരിച്ച് പരാമർശം (2) പ്രകാരം പരമാവധി 4,00,000/- (നാല് ലക്ഷം രൂപ) രൂപ വരെ മുഖ്യമന്ത്രിയുടെ ദുരിതാശ്വസനിധിയിൽ നിന്നും അനുവദിക്കുവാൻ വ്യവസ്ഥ ചെയ്യുന്നുണ്ട്.

2. ശ്രീ. ബി.എ. അബ്ദുൽ ഖാദർ സമർപ്പിച്ച അപേക്ഷ പരാമർശം (2) അവലംബമാക്കി സർക്കാർ വിശദമായി പരിശോധിച്ചതിന്റെ അടിസ്ഥാനത്തിൽ അപേക്ഷകന് **4,00,000/- രൂപ (നാല് ലക്ഷം രൂപ മാത്രം)** മുഖ്യമന്ത്രിയുടെ ദുരിതാശ്വാസനിധിയിൽ നിന്നും അനുവദിച്ചുകൊണ്ട് ഉത്തരവ് പുറപ്പെടുവിക്കുന്നു.

3. വിതരണത്തിനാവശ്യമായിവരുന്ന **4,00,000/- രൂപ (നാല് ലക്ഷം രൂപ മാത്രം)** *"2075-00-800-40 Contribution to Chief Minister's Distress Relief Fund (NP)"* എന്ന ശീർഷകത്തിൽ നിന്നും മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയുടെ ഖജാൻജിയായ ധനകാര്യ വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറിയുടെ പേരിലുള്ള T. P. 80 അക്കൗണ്ടിൽ നിന്നും കാസർഗോഡ് ജില്ലാ കളക്ടർക്ക് അനുവദിക്കേണ്ടതും ജില്ലാ കളക്ടർ തുക വിതരണം ചെയ്യുന്നതിനാവശ്യമായ അടിയന്തര നടപടികൾ സ്വീകരിക്കേണ്ടതുമാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

**മിനി റാണി.കെ.**

**ഡെപ്യൂട്ടി സെക്രട്ടറി**

ജില്ലാ കളക്ടർ, കാസർഗോഡ്

ധനകാര്യ വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറി (മുഖ്യമന്ത്രിയുടെ ദുരിതാശ്വാസനിധി ഖജാൻജി)

ബഹു. മുഖ്യമന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറി

ബഹു. റവന്യൂ വകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറി

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ഓഡിറ്റ് /എ & ഇ ) കേരള തിരുവനന്തപുരം

റവന്യൂവകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറിയുടെ പി.എ. യ്ക്ക്
ധനകാര്യ (ഫണ്ട്സ്) വകുപ്പ്
റവന്യൂ (ഡി ആർ എഫ് - എ, സി) വകുപ്പ്
ദുരന്ത നിവാരണ (എ, ബി ) വകുപ്പ്
വിവര പൊതുജന സമ്പർക്ക (വെബ്/ന്യൂ മീഡിയ) വകുപ്പ്.
കരുതൽ ഫയൽ/ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ